"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിലെ മാനേജീരിയൽ കാറ്റഗറിയിൽ ഉൾപ്പെട്ട Manager, Assistant Manager, Electrical Engineer, PS to MD, Fire-cum-Security Officer Gr.II എന്നീ തസ്തികകൾക്ക് കൂടി ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.780/2025/ID തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-

1. 25.02.2022 തീയതിയിലെ G.O.(Ms) No.23/2022/ID നമ്പർ സർക്കാർ ഉത്തരവ്
2. 18.06.2020 തീയതിയിലെ G.O.(P) No.17/2020/ID നമ്പർ സർക്കാർ ഉത്തരവ്
3. 07.03.2024 തീയതിയിലെ കെ.എസ്.ഐ.ഇ. മാനേജിങ് ഡയറക്ടറുടെ KSIE/A&HR/42/1245 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1 - ലെ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ഐ.ഇ - യിലെ മാനേജീരിയൽ & സ്റ്റാഫ് കാറ്റഗറിയിലെ ജീവനക്കാർക്ക് കുടിശ്ശികയായ 9 - മത്തേയും 10 - മത്തേയും ശമ്പള പരിഷ്കരണം അനുവദിച്ചിരുന്നു. എന്നാൽ, പരാമർശം 2 - ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ച കെ.എസ്.ഐ.ഇ - യുടെ മാൻപവറിൽ ഉൾപ്പെട്ട തസ്തികകളായ Manager, Assistant Manager, Electrical Engineer, PS to MD, Fire-cum-Security-Officer Gr.II, Engineering Assistant, Overseer Gr.II എന്നീ തസ്തികകൾ കമ്പനിയുടെ 9 - മത്തേയും 10 - മത്തേയും ശമ്പള പരിഷ്കരണം നടപ്പിലാക്കിക്കൊണ്ടുള്ള പരാമർശം 1 - ലെ സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ല.

2. മേൽ സാഹചര്യത്തിൽ, പരാമർശം 2 - ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ച കെ.എസ്.ഐ.ഇ - യുടെ മാൻപവറിൽ മാനേജീരിയൽ കാറ്റഗറിയിൽ ഉൾപ്പെട്ട Manager, Assistant Manager, Electrical Engineer, PS to MD, Fire-cum-Security Officer Gr.II സ്റ്റാഫ് കാറ്റഗറിയിൽ ഉൾപ്പെട്ട Engineering Assistant, Overseer Gr.II എന്നീ തസ്തികകൾക്ക് ശമ്പള സ്കെയിലുകൾ നിശ്ചയിച്ച് പരിഷ്കരിക്കുന്നതിനു അനുമതി നൽകണമെന്ന് പരാമർശം 3 പ്രകാരം കെ.എസ്.ഐ.ഇ എം.ഡി അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. KSIE യിലെ ചുവടെയുള്ള

പട്ടികയിൽ പരാമർശിക്കുന്ന തസ്തികകൾക്ക് കൂടി 9, 10 ശമ്പളപരിഷ്കരണങ്ങൾ ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl.No. | Name of post | Scale of pay (8th PR) | Scale of pay (9th PR) | Scale of pay (10th PR) |
|---|---|---|---|---|
| 1 | PS to MD | 9190-15510 | 16180-29180 | 30700-65400 |
| 2 | Fire cum Security Officer Gr II | 9190-15510 | 16180-29180 | 30700-65400 |
| 3 | Electrical Engineer | 9190-15510 | 16180-29180 | 30700-65400 |

അതോടൊപ്പം പരാമർശം 1 - ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പളപരിഷ്കരണ ഉത്തരവിലെ Executive, Assistant Manager തസ്തികകൾ യഥാക്രമം Assistant Manager, Manager എന്ന് ഭേദഗതി ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

1. മാനേജിങ് ഡയറക്ടർ, മെ. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം
4. ധനകാര്യ (പി.യു-ഡി) വകുപ്പ് (ഫയൽ നമ്പർ 1697335/PU-D1/14/2021-FIN പ്രകാരം)
5. ആസൂത്രണ & സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പ് (ഫയൽ നമ്പർ PLGEA-BPE1/48/2018-PLGEA പ്രകാരം)

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (B1/95/2024-IND)

ഉത്തരവിൻ പ്രകാരം
Signed by
Bindhumol. S
Date: 01-07-2025 16:32:41
സെക്ഷൻ ഓഫീസർ